**ഭരണഭാഷ-മാതൃഭാഷ**

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം

സി.ജി& എ.സി/2107/2018/ഡി.എച്ച്.എസ്.ഇ                    തീയതി:05/12/2018

**സർക്കുലർ**

വിഷയം    :സി.ജി & എ.സി/കരിയർ എക്സ്പോ ദിശ-2018-സ്കൂൾ പ്രിൻസിപ്പൾമാർ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നത് - സംബന്ധിച്ച്.

സൂചന :    G.O.(Rt) 2200/2018/Gl. Edn dated 13/06/2018

കേരള സംസ്ഥാന സ്കൂൾ കലോത്സവം 2018-നോടനുബന്ധിച്ച് ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ് 2018 ഡിസംബർ 6 മുതൽ 9 വരെ ആലപ്പുഴ എസ്.ഡി.വി.ബോയ്സ് എച്ച്.എസ്.എസ്. മൈതാനത്ത് വച്ച് കരിയർ എക്സ്പോ ദിശ-2018 എന്ന പേരിൽ വിദ്യാഭ്യാസ എക്സ്പോ സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കരിയർ അവസരങ്ങളെയും സംബന്ധിച്ച് അറിവു നൽകുന്നതിനുള്ള ഒരു അസുലഭ വേദിയായിരിക്കും ഈ എക്സ്പോ.

50 സ്റ്റാളുകളിലായി ഇന്ത്യയിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിൽ പങ്കെടുക്കുന്നു. +2 പഠനത്തിനു ശേഷം ഇന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേരിടുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത സ്റ്റാളുകളിൽ നിന്നും ലഭിക്കുന്നതാണ്. കോഴ്സ് ഘടനാ, ഫീസ്, എൻട്രൻസ് പരീക്ഷ തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും വിവിധ സ്ഥാപനങ്ങളിലെ പ്രമുഖരിൽ നിന്നും സംശയ നിവാരണം നടത്തുന്നതിനുള്ള അവസരവും ഇതോടൊപ്പം ഒരുക്കിയിട്ടുണ്ട്.

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മുഴുവൻ സ്കൂൾ പ്രിൻസിപ്പാൾമാർ എക്സ്പോ സംബന്ധിച്ച വിവരങ്ങൾ 2 എക്സ്പോയുടെ പ്രാധാന്യം വിദ്യാർത്ഥികളെ അറിയിക്കേണ്ടതാണ്. എക്സ്പോയിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള വിദ്യാർത്ഥികളെ സ്കൂൾ കരിയർഗൈഡ്/സൗഹൃദകോ-ഓർഡിനേറ്റർ/ ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപകർ/ പ്രിൻസിപ്പാൾ മുഖേന എക്സ്പോയിൽ പങ്കെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സംസ്ഥാന സ്കൂൾ കലോത്സവ മത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും എക്സ്പോ സന്ദർശിക്കുന്നതിനുള്ള അവസരം സ്കൂൾ കരിയർഗൈഡ്/ സൗഹൃദകോ-ഓർഡിനേറ്റർമാർ ഒരുക്കേണ്ടതാണ്.

വിവിധ കരിയർ വിഷയങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ പ്രഗത്ഭരുടെ സെമിനാറുകളും ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

എക്സ്പോ സ്റ്റാളുകൾ സന്ദർശിക്കുന്ന സ്കൂൾ അധികൃതർ രജിസ്ട്രേഷൻ കൗണ്ടറിലെ തിരക്ക് ഒഴിവാക്കുന്നതിനായി മുൻകൂട്ടി താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്

**ഡയറക്ടർ**

**നിഷ ആൻ ജേക്കബ്**-9447747448

**മിനി ജോസഫ് -9846198687**